**മധുരമായ കുട്ടികളേ - നിങ്ങളുടെ കുറവുകളെ മാറ്റണമെങ്കിൽ തുറന്ന ഹൃദയത്തോടെ ബാബയോട് പറയൂ, ബാബ നിങ്ങളുടെ കുറവുകളെ മാറ്റാനുള്ള യുക്തികൾ പറഞ്ഞ് തരും**

**ചോദ്യം:-** ബാബയുടെ കറന്റ് ഏതു കുട്ടികൾക്കാണ് ലഭിക്കുന്നത്?
**ഉത്തരം:-** ഏത് കുട്ടികളാണോ സത്യസന്ധമായി സർജനോട് തന്റെ അസുഖങ്ങൾ പറയുന്നത്, ബാബ അവർക്ക് ദൃഷ്ടി നൽകുന്നു ബാബക്ക് ആ കുട്ടികളോട് വളരെ ദയ തോന്നുന്നു, ഈ കുട്ടിയുടെ ഭൂതം വിട്ടുപോകണമെന്ന് ബാബയുടെ ഉള്ളിലും തോന്നും. ബാബ അവർക്ക് കറന്റ് നൽകുന്നു.

**ഓം ശാന്തി**. ബാബ കുട്ടികളോട് ചോദിക്കുകയാണ്. ബാബയിൽ നിന്നും എന്തെങ്കിലും ലഭിച്ചോ എന്നത് ഓരോ കുട്ടിയും തന്നോട് തന്നെ ചോദിക്കണം. ഏതൊക്കെ കാര്യങ്ങളിലാണ് കുറവുള്ളത്? ഓരോരുത്തരും തന്റെയുള്ളിൽ പരിശോധിക്കണം. നാരദന്റെ ഉദാഹരണവുമുണ്ട്, നാരദനോട് പറഞ്ഞു, നീ നിന്റെ മുഖം കണ്ണാടിയിൽ നോക്കൂ - ലക്ഷ്മിയെ വരിക്കാൻ യോഗ്യനാണോ എന്ന്. ബാബയും നിങ്ങൾ കുട്ടികളോട് ചോദിക്കുകയാണ് - ലക്ഷ്മിയെ വരിക്കാൻ യോഗ്യരായോ? യോഗ്യരായില്ലായെങ്കിൽ എന്തെല്ലാം കുറവുകളാണുള്ളത്? അതിനെ ഇല്ലാതാക്കാൻ വേണ്ടി കുട്ടികൾ പുരുഷാർത്ഥം ചെയ്യുകയാണ്. കുറവുകൾ ഇല്ലാതാക്കാൻ വേണ്ടി പുരുഷാർത്ഥം ചെയ്യുന്നുണ്ടോ അതോ ഇല്ലേ? ചിലർ പുരുഷാർത്ഥം ചെയ്യുന്നുണ്ട്. പുതിയ പുതിയ കുട്ടികളോട് പറയാറുണ്ട് നിങ്ങൾ നിങ്ങളുടെയുള്ളിൽ നോക്കൂ എന്തെങ്കിലും കുറവുണ്ടോ? കാരണം നിങ്ങൾ സർവ്വർക്കും ശ്രേഷ്ഠമാകണം. ബാബ വരുന്നത് നിങ്ങളെ ശ്രേഷ്ഠമാക്കാൻ വേണ്ടിയാണ്. എന്താണ് ലക്ഷ്യം എന്ന ചിത്രവും അടുത്തുണ്ട്. നമ്മൾ ഇവരെ പോലെ ശ്രേഷ്ഠമായോ എന്ന് സ്വയം ചോദിക്കൂ. ആ ഭൗതീക പഠിപ്പ് പഠിപ്പിക്കുന്ന അദ്ധ്യാപകരെല്ലാം തന്നെ ഈ സമയം വികാരികളാണ്. ഇവർ (ലക്ഷ്മീ-നാരായണൻ) സമ്പൂർണ്ണ നിർവ്വികാരികളായിട്ടുള്ളവരുടെ ഉദാഹരണമാണ്. പകുതി കൽപം നിങ്ങൾ ഇവരുടെ മഹിമകൾ പാടി. ഇപ്പോൾ സ്വയം ചോദിക്കൂ - എന്നിലുള്ള എന്തെല്ലാം കുറവുകളെ മാറ്റിയാലാണ് എനിക്ക് ഉന്നതിയുണ്ടാവുക. ബാബയോട് പറയണം - ബാബാ എന്നിൽ ഈ കുറവുണ്ട്, അത് എന്നിൽ നിന്നും വിട്ട് പോകുന്നില്ല, എന്തെങ്കിലും ഉപായം പറഞ്ഞ് തരൂ. സർജന് മാത്രമേ രോഗം ഭേദമാക്കുവാൻ സാധിക്കുകയുള്ളൂ. ചില ചില പുതിയ സർജൻമാരും സമർത്ഥരായിട്ടുള്ളവരുണ്ട്. കമ്പോണ്ടർ ഡോക്ടറിൽ നിന്നും പഠിച്ച് സമർത്ഥനായ ഡോക്ടറായി മാറുന്നു. അതുകൊണ്ട്, എന്നിൽ എന്തെല്ലാം കുറവുകളാണുള്ളത്? എന്ത് കുറവുകൾ കാരണമാണ് എനിക്ക് ഈ പദവി നേടുവാൻ സാധിക്കില്ല എന്ന് ഞാൻ കരുതുന്നത്? ഇത് സത്യസന്ധമായി പരിശോധിക്കൂ. നിങ്ങൾക്ക് ഇതുപോലെയാവാൻ സാധിക്കും എന്ന് ബാബ പറയുകയല്ലേ. കുറവുകൾ പറഞ്ഞാൽ മാത്രമേ ബാബയ്ക്ക് നിർദ്ദേശങ്ങൾ നൽകാൻ സാധിക്കൂ. രോഗങ്ങൾ ധാരാളമുണ്ട്. വളരെയധികം പേരിൽ കുറവുകളുണ്ട്. ചിലരിൽ വളരെയധികം ക്രോധവും ലോഭവുമെല്ലാമുണ്ട്, അവർക്ക് ജ്ഞാനം ധാരണ ചെയ്യാനും സാധിക്കില്ല, മറ്റുള്ളവരെ കൊണ്ട് ധാരണ ചെയ്യിക്കാനും സാധിക്കില്ല. ബാബ ദിവസവും ധാരാളം കാര്യങ്ങൾ മനസ്സിലാക്കിത്തരുന്നു. വാസ്തവത്തിൽ ഇത്രത്തോളം മനസ്സിലാക്കിത്തരേണ്ട ആവശ്യം തന്നെയില്ല. മന്ത്രത്തിന്റെ അർത്ഥം ബാബ പറഞ്ഞു തരുന്നു. ബാബ ഒന്ന് തന്നെയാണ്. പരിധിയില്ലാത്ത അച്ഛനെ ഓർമ്മിക്കണം. ബാബയിൽ നിന്നും സമ്പത്ത് നേടി നമുക്ക് ഇതുപോലെ ആയിത്തീരണം. മറ്റ് സ്കൂളുകളിൽ 5 വികാരങ്ങളെ ജയിക്കുന്നതിനുള്ള കാര്യമൊന്നും പറയുന്നില്ല. ഈ കാര്യങ്ങൾ ഇപ്പോൾ ബാബ വന്ന് പറഞ്ഞ് തരുന്നു. ബാബാ ഇന്ന-ഇന്ന ഭൂതങ്ങൾ എന്നെ വളരെയധികം കഷ്ടപ്പെടുത്തുന്നു, നിങ്ങളിൽ ഏത് ഭൂതമാണോ ഉള്ളത് എന്താണോ നിങ്ങളെ ദുഃഖിപ്പിക്കുന്നത് അത് ബാബയോട് പറയുകയാണെങ്കിൽ അതിനെ മാറ്റാനുള്ള യുക്തി ബാബ പറഞ്ഞ് തരും. ഭൂതങ്ങളെ ഒഴിപ്പിക്കുന്നവരുടെ മുന്നിൽ ചെന്ന് പറയാറില്ലേ. നിങ്ങളിൽ അത്തരം ഭൂതമൊന്നും ഇല്ല. ഈ 5 വികാരങ്ങളാകുന്ന ഭൂതമാണ് ജന്മ ജന്മാന്തരമായി നമ്മുടെ കൂടെയുള്ളത്. എന്നിൽ എന്ത് ഭൂതമാണുള്ളത് എന്ന് നോക്കണം. അതിനെ ഇല്ലാതാക്കാനുള്ള നിർദ്ദേശങ്ങൾ ചോദിക്കണം. കണ്ണുകളും വളരെയധികം ചതിക്കുന്നതാണ്. അതുകൊണ്ട് ബാബ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി മറ്റുള്ളവരേയും ആത്മാവായി കാണാൻ അഭ്യസിക്കൂ. ഈ യുക്തിയിലൂടെ നിങ്ങളുടെ ഈ രോഗം ഭേദമാകും. നമ്മൾ സർവ്വ ആത്മാക്കളും സഹോദരങ്ങളാണ്. ശരീരമല്ല. നമ്മൾ എല്ലാ ആത്മാക്കൾക്കും തിരികെ പോകേണ്ടതുണ്ട് എന്നതും അറിയാം. നമ്മൾ സർവ്വ ഗുണ സമ്പന്നരായോ എന്ന് പരിശോധിക്കണം. ഇല്ലെങ്കിൽ നമ്മളിൽ എന്ത് അവഗുണമാണുള്ളത് ? ബാബയും ആ ആത്മാവിനെ നോക്കും, ഇവരിൽ ഈ കുറവാണുള്ളത് എന്ന് മനസ്സിലാക്കി കുട്ടിയുടെ ഈ വിഘ്നം ഇല്ലാതാക്കാൻ വേണ്ടി അവർക്ക് കറന്റ് നൽകും. ഡോക്ടറോട് ഒളിപ്പിക്കുകയാണെങ്കിൽ എന്തു ചെയ്യാൻ

സാധിക്കും. നിങ്ങൾ നിങ്ങളുടെ അവഗുണങ്ങൾ ബാബയോട് പറയുകയാണെങ്കിൽ ബാബ നിർദ്ദേശങ്ങളും നൽകും. നിങ്ങൾ ആത്മാക്കൾ ബാബയെ ഓർമ്മിക്കുന്നുണ്ട് – ബാബാ, അങ്ങ് എത്രമാത്രം മധുരമാണ്! ഞങ്ങളെ എന്തിൽ നിന്നും എന്താക്കി മാറ്റുകയാണ്! ബാബയെ ഓർമ്മിക്കുകയാണെങ്കിൽ ഭൂതങ്ങൾ ഓടിപ്പോകും. തീർച്ചയായും ഏതെങ്കിലും ഭൂതമുണ്ടായിരിക്കും. ബാബാ എനിക്ക് ഇതിനുള്ള യുക്തി പറഞ്ഞ് തരൂ എന്ന് ബാബയോട് ചോദിക്കൂ. അല്ലായെങ്കിൽ വളരെയധികം നഷ്ടമുണ്ടാകും, ബാബയെ കേൾപ്പിക്കുമ്പോൾ ബാബയ്ക്കും ദയ വരും – ഈ മായയുടെ ഭൂതം ഇവരെ വളരെയധികം കഷ്ടപ്പെടുത്തുകയാണ് എന്ന് മനസ്സിലാക്കും. ഭൂതങ്ങളെ ഓടിക്കുന്നത് ഒരേയൊരു ബാബയാണ്. യുക്തിയോടെ ഓടിക്കുന്നു. ഈ 5 ഭൂതങ്ങളെയും ഓടിക്കണമെന്നത് മനസ്സിലാക്കിത്തരുന്നു. എന്നാൽപോലും എല്ലാ ഭൂതങ്ങളും ഓടിപ്പോകുന്നില്ല. ചിലരിൽ ധാരാളമുണ്ടായിരിക്കും, ചിലരിൽ കുറവായിരിക്കും. തീർച്ചയായും ഉണ്ടായിരിക്കും. ഇവരിൽ ഈ ഭൂതമുണ്ട് എന്നത് ബാബ കാണുന്നുണ്ട്. ദൃഷ്ടി കൊടുക്കുന്ന സമയത്ത് ഉള്ളിൽ തോന്നാറില്ലേ. ഇവർ വളരെ നല്ല കുട്ടിയാണ് അതുപോലെ ഇവരിൽ നല്ല-നല്ല ഗുണങ്ങളുമുണ്ട് എന്നാൽ ജ്ഞാനം പറയുന്നുമില്ല, ആർക്കും മനസ്സിലാക്കി കൊടുക്കുവാനും സാധിക്കുന്നില്ല. മായ ശബ്ദം അടച്ചുവച്ചതുപോലെയാണ്. ശബ്ദം തുറക്കാൻ സാധിച്ചിരുന്നെങ്കിൽ മറ്റുള്ളവരുടെയും സേവനം ചെയ്യാൻ തുടങ്ങുമായിരുന്നു. മറ്റ് പലരുടെയും സേവനങ്ങളിൽ മുഴുകി തന്റെയും ശിവബാബയുടേയും സേവനം നടക്കുന്നില്ല.

ബാബ മനസ്സിലാക്കിത്തരുന്നു, പതുക്കെ പതുക്കെയാണ് വൃക്ഷം വൃദ്ധി പ്രാപിക്കുന്നതെന്ന് അറിയാം. ഇലകൾ പൊഴിഞ്ഞുകൊണ്ടുമിരിക്കുന്നുണ്ട്. മായ വിഘ്നങ്ങളിടുന്നു. പോകെ-പോകെ ചിന്തകളെല്ലാം മാറിപ്പോകുന്നു. സന്യാസിമാർക്ക് വൈരാഗ്യം തോന്നുമ്പോൾ ഒറ്റയടിക്ക് അപ്രത്യക്ഷമാകുന്നു. പ്രത്യേകിച്ച് കാരണവുമില്ല, ആരോടും സംസാരിക്കുന്നുമില്ല. സർവ്വർക്കും ബാബയുമായിട്ടാണ് ബന്ധമുള്ളത്. കുട്ടികൾ നമ്പർവൈസാണ് ആണ്. ബാബയോട് സത്യം പറഞ്ഞാൽ ആ കുറവുകളെ ഇല്ലാതാക്കാനും ഉയർന്ന പദവി നേടാനും സാധിക്കും. ബാബയ്ക്കറിയാം ചിലർ തുറന്ന് പറയാത്തത് കാരണം അവർക്ക് തന്നെ വളരെയധികം നഷ്ടമുണ്ടാക്കുന്നു. എത്ര മനസ്സിലാക്കി കൊടുത്താലും അതേ കാര്യം തന്നെ ചെയ്തുകൊണ്ടിരിക്കും. മായ പിടിക്കുന്നു. മായയാകുന്ന പെരുമ്പാമ്പ് സർവ്വരേയും വിഴുങ്ങുന്നു. കഴുത്തറ്റം ചെളിയിൽ കുടുങ്ങി കിടക്കുകയാണ്. ബാബ എത്രമാത്രം മനസ്സിലാക്കി തരുന്നു. രണ്ട് അച്ഛന്മാരുണ്ട് എന്നത് പറഞ്ഞ് കൊടുക്കണം അത്രമാത്രം. ലൗകീക അച്ഛൻ എപ്പോഴും ഉണ്ടായിരിക്കും, സത്യയുഗത്തിലും കലിയുഗത്തിലും ഉണ്ടായിരിക്കും. സത്യയുഗത്തിൽ പാരലൗകീക അച്ഛനുണ്ടായിരിക്കില്ല. പാരലൗകീക അച്ഛൻ ഒരു പ്രാവശ്യമാണ് വരുന്നത്. പാരലൗകീക അച്ഛൻ വന്ന് കലിയുഗത്തെ സത്യയുഗമാക്കുന്നു. ഭക്തിമാർഗ്ഗത്തിൽ ആ പാരലൗകീക അച്ഛനെ എത്രമാത്രം പൂജിക്കുകയും ഓർമ്മിക്കുകയും ചെയ്യുന്നു. ധാരാളം ശിവ ക്ഷേത്രങ്ങളുണ്ട്. സേവനമൊന്നും ഇല്ല എന്ന് കുട്ടികൾ പറയാറുണ്ട്. എന്തുകൊണ്ടാണ് ശിവനെ പൂജിക്കുന്നത്? ഇത് ആരാണ്? ഇത് ശരീരധാരി അല്ലല്ലോ, എന്ന് എവിടെയെല്ലാം ശിവക്ഷേത്രങ്ങളുണ്ടോ അവിടെ ചെന്ന് നിങ്ങൾക്ക് ചോദിക്കാൻ സാധിക്കും. അപ്പോൾ പറയും പരമാത്മാവാണെന്ന്. ബാബയെ അല്ലാതെ മറ്റാരെയും പരമാത്മാവ് എന്ന് പറയില്ല. ഈ പരമാത്മാവ് പിതാവല്ലേ. ആ പരമാത്മാവിനെ തന്നെയാണ് ഈശ്വരനെന്നും അള്ളാഹുവെന്നും പറയുന്നത്. സത്യത്തിൽ പരംപിതാ പരമാത്മാവ് എന്നാണ് പറയുന്നത്. ബാബയിൽ നിന്നും എന്താണ് ലഭിക്കുന്നത് എന്നൊന്നും അറിയില്ല. ഭാരതത്തിൽ ശിവന്റെ പേര് ധാരാളം പറയുന്നുണ്ട്, ശിവജയന്തിയും ആഘോഷിക്കുന്നുണ്ട്. ഇത് മനസ്സിലാക്കി കൊടുക്കുക വളരെ സഹജമാണ്. ബാബ പല പല പ്രകാരത്തിൽ വളരെയധികം മനസ്സിലാക്കിത്തരുന്നു. നിങ്ങൾക്ക് ആരുടെ അടുക്കൽ വേണമെങ്കിലും പോകാം എന്നാൽ വളരെ ശാന്തമായും വിനയത്തോടും കൂടി സംസാരിക്കണം. നിങ്ങളുടെ പേര് ഭാരതത്തിൽ വളരെയധികം പ്രശസ്തമായിരിക്കുകയാണ്. കുറച്ച് കാര്യം പറഞ്ഞാൽ മതി ഉടനെ ഇവർ ബി.കെ.യാണെന്ന് മനസ്സിലാക്കും. ഗ്രാമങ്ങളിലുള്ളവർ വളരെ നിഷ്കളങ്കരാണ്. ക്ഷേത്രങ്ങളിൽ പോയി സേവനം ചെയ്യുക എന്നത് വളരെ സഹജമാണ്. വരൂ ഞങ്ങൾ നിങ്ങൾക്ക് ശിവബാബയുടെ ജീവിത കഥ പറഞ്ഞുതരാം. നിങ്ങൾ എന്തുകൊണ്ടാണ് ശിവനെ പൂജിക്കുന്നത്? എന്താണ് നിങ്ങൾ യാചിക്കുന്നത്? ഞങ്ങൾ നിങ്ങൾക്ക് മുഴുവൻ കഥയും പറഞ്ഞു തരാം. ഇങ്ങനെ അവരോട് പറയണം. അടുത്ത ദിവസം ലക്ഷ്മീ നാരായണന്റെ ക്ഷേത്രത്തിൽ പോകൂ. നിങ്ങളുടെയുള്ളിൽ സന്തോഷമുണ്ട്. ഗ്രാമങ്ങളിൽ സേവനം ചെയ്യാൻ കുട്ടികൾ ആഗ്രഹിക്കുന്നുണ്ട്. ബാബ പറയുന്നു ആദ്യം ശിവബാബയുടെ ക്ഷേത്രത്തിൽ പോകൂ. പിന്നെ ലക്ഷ്മീ നാരായണന്റെ ക്ഷേത്രത്തിൽ പോയി ഇവർക്ക് എങ്ങനെയാണ് ഈ സമ്പത്ത് ലഭിച്ചത് എന്ന് ചോദിക്കൂ. നിങ്ങൾ വരികയാണെങ്കിൽ ഞങ്ങൾ നിങ്ങൾക്ക് ഈ ദേവീ ദേവതകളുടെ 84 ജന്മങ്ങളുടെ കഥ കേൾപ്പിക്കാം എന്ന് അവരോട് പറയണം. ഗ്രാമങ്ങളിലുള്ളവരെയും ഉണർത്തണം. നിങ്ങൾ ആത്മാവാണ്, ആത്മാവാണ് സംസാരിക്കുന്നത്, ഈ ശരീരം നശിക്കുന്നതാണ്, ഇപ്പോൾ നമ്മൾ ആത്മാക്കൾക്ക് പവിത്രമായി ബാബയുടെ

അടുത്ത് പോകണം. അതിനായി ബാബ പറയന്നു എന്നെ ഓർമ്മിക്കൂ, ഈ കാര്യങ്ങൾ വളരെ സ്നേഹത്തോടെ മനസ്സിലാക്കികൊടുക്കൂ. കേൾക്കുമ്പോൾ തന്നെ അവർക്ക് ആകർഷണമുണ്ടാകും. നിങ്ങൾ എത്രമാത്രം ആത്മാഭിമാനിയായിരിക്കുന്നുവോ അത്രയും നിങ്ങളിൽ ആകർഷണമുണ്ടാകും. ഇപ്പോൾ ഈ ദേഹത്തിനോടും പഴയ ലോകത്തിനോടുമൊന്നും പൂർണ്ണമായും വൈരാഗ്യം വന്നിട്ടില്ല. ഈ പഴയ വസ്ത്രം ഉപേക്ഷിക്കേണ്ടതാണ് എന്നറിയാം, ഇതിനോട് എന്ത് മമത്വം വയ്ക്കാനാണ്. ശരീരത്തിലിരിക്കുമ്പോഴും ശരീരത്തിനോട് യാതൊരു മമത്വവും തോന്നരുത്. ഇപ്പോൾ നമ്മൾ ആത്മാക്കൾക്ക് പവിത്രമായി നമ്മുടെ വീട്ടിലേക്ക് പോകണം എന്ന ചിന്ത തന്നെ ഉള്ളിലുണ്ടായിരിക്കണം. മനസ്സിൽ ഇങ്ങനെയും തോന്നാറുണ്ട് – ബാബയെ എങ്ങനെ വിട്ട്പോകും? ഈ ബാബയെ മറ്റൊരിക്കലും ലഭിക്കുകയുമില്ല. അങ്ങനെയങ്ങനെ ചിന്തിക്കുമ്പോൾ ബാബയും ഓർമ്മ വരും വീടും ഓർമ്മ വരും. ഇപ്പോൾ നമ്മൾ വീട്ടിലേക്ക് പോവുകയാണ്. 84 ജന്മം പൂർത്തിയായി. പകൽ സമയത്ത് നിങ്ങളുടെ ജോലിയും മറ്റു കാര്യങ്ങളും ചെയ്തോളൂ. കുടുംബത്തിൽ തന്നെയാണിരിക്കേണ്ടത്. കുടുംബത്തിലിരിക്കുമ്പോഴും, ഇതെല്ലാം തന്നെ നശിക്കാൻ പോകുന്നതാണ് എന്ന തിരിച്ചറിവ് ബുദ്ധിയിലുണ്ടായിരിക്കണം. നമുക്ക് ഇപ്പോൾ തിരികെ വീട്ടിലേക്ക് പോകണം. ബാബ പറയുന്നു – തീർച്ചയായും കുടുംബത്തിലിരിക്കണം. അല്ലാതെ എങ്ങോട്ട് പോകും? ജോലികളൊക്കെ ചെയ്യുമ്പോഴും, ഇതെല്ലാം നശിക്കാൻ പോകുന്നതാണ് എന്ന് ബുദ്ധിയിൽ ഓർമ്മയുണ്ടായിരിക്കണം. ആദ്യം നമ്മൾ വീട്ടിക്കേ് പോകും പിന്നെ സുഖധാമത്തിൽ വരും. സമയം ലഭിക്കുമ്പോഴെല്ലാം തന്നോട് തന്നെ സംസാരിക്കണം. ധാരാളം സമയമുണ്ട്, 8 മണിക്കൂർ ജോലിചെയ്യൂ, 8 മണിക്കൂർ വിശ്രമിക്കൂ ബാക്കി 8 മണിക്കൂർ ബാബയുമായി ആത്മീയ സംഭാഷണം നടത്തുകയും ആത്മീയ സേവനം ചെയ്യുകയും വേണം. സമയം കിട്ടുമ്പോഴെല്ലാം ശിവബാബയുടെ ക്ഷേത്രത്തിലും ലക്ഷ്മീ നാരായണന്റെ ക്ഷേത്രത്തിലും പോയി സേവനം ചെയ്യൂ. ധാരാളം ക്ഷേത്രങ്ങൾ നിങ്ങൾക്ക് ലഭിക്കും. നിങ്ങൾ എവിടെ പോയാലും അവിടെയെല്ലാം തീർച്ചയായും ശിവക്ഷേത്രങ്ങൾ ഉണ്ടായിരിക്കും. നിങ്ങൾ കുട്ടികൾക്ക് ഓർമ്മയുടെ യാത്രയാണ് പ്രധാനം. നല്ല രീതിയിൽ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഒന്നും ചോദിക്കേണ്ടണ്ടതായി വരില്ല, പ്രകൃതി പോലും ദാസിയായി മാറും. അവരുടെ മുഖത്തിന് അത്രമാത്രം ആകർഷണമുണ്ടായിരിക്കും. യാതൊന്നും ചോദിക്കേണ്ടതായി വരില്ല. സന്യാസിമാരിൽ പോലും ചിലരുണ്ട്, നമ്മൾ ബ്രഹ്മത്തിൽ പോയി ലയിക്കും എന്ന നിശ്ചയത്തോടെയിരിക്കുന്നവർ. ആ നിശ്ചയത്തിൽ അവർ അത്രമാത്രം ഉറച്ചിരിക്കുന്നു. അവരും ഈ ശരീരം ഉപേക്ഷിക്കാൻ അഭ്യസിക്കുണ്ട്. എന്നാൽ അവരുടേത് തെറ്റായ മാർഗ്ഗമാണ്. ബ്രഹ്മത്തിൽ ചെന്ന് ലയിക്കാൻ വേണ്ടി വളരെയധികം പരിശ്രമക്കുന്നു. ഭക്തിയിലാണെങ്കിലും സാക്ഷാത്ക്കാരം ലഭിക്കാൻ വേണ്ടി എത്രമാത്രം പരിശ്രമിക്കുന്നുണ്ട്. ജീവൻ പോലും നൽകുന്നു. ആത്മഹത്യയല്ല ജീവഹത്യയാണ് ചെയ്യുന്നത്. ആത്മാവുണ്ടായിരിക്കും അത് പോയി അടുത്ത ശരീരം എടക്കുന്നു.

സേവനത്തോട് നിങ്ങൾ കുട്ടികൾക്ക് വളരെയധികം താത്പര്യമുണ്ടായിരിക്കണം. അപ്പോൾ ബാബയെയും ഓർമ്മ വരും. ഇവിടെയും ധാരാളം ക്ഷേത്രങ്ങളുണ്ട്. പൂർണ്ണമായും യോഗാവസ്ഥയിലിരുന്ന് ആരോടെങ്കിലും പറയുകയാണെങ്കിൽ അവർക്ക് യാതൊരു ചിന്തയും ഉണ്ടാകില്ല. യോഗാവസ്ഥയിലിരിക്കുന്നവരുടെ അസ്ത്രം തറക്കും. നിങ്ങൾക്ക് ധാരാളം സേവനം ചെയ്യുവാൻ സാധിക്കും. പരിശ്രമിച്ച് നോക്കൂ, എന്നാൽ ആദ്യം തന്റെയുള്ളിൽ പരിശോധിക്കണം – നമ്മളിൽ മായയുടെ ഭൂതമുണ്ടോ? മായയുടെ ഭൂതമുള്ളവർക്ക് ഒരിക്കലും വിജയമുണ്ടാകില്ല. സേവനം ധാരാളമുണ്ട്. ബാബക്ക് പോകാൻ സാധിക്കില്ല കാരണം ശിവബാബ കൂടെയുണ്ട്. ബാബയെ ഈ അഴുക്കിലേക്ക് കൊണ്ട് പോകാമോ! ആരോടു സംസാരിക്കാനാണ്! ബാബ കുട്ടികളോട് സംസാരിക്കാനാണ് ആഗ്രഹിക്കുന്നത്. കുട്ടികൾക്കാണ് സേവനം ചെയ്യേണ്ടത്. കുട്ടികളാണ് അച്ഛനെ പ്രത്യക്ഷമാക്കുന്നത് എന്ന് പറയാറുണ്ട്. ബാബ കുട്ടികളെ സമർഥരാക്കി മാറ്റി. നല്ല–നല്ല കുട്ടികൾക്ക് സേവനം ചെയ്യാനുള്ള ലഹരിയുണ്ട്. ഞങ്ങൾ ഗ്രാമങ്ങളിൽ പോയി സേവനം ചെയ്യട്ടേ എന്ന് ചോദിക്കാറുണ്ട്. ബാബ പറയുന്നു – ശരി ചെയ്തോളൂ. മടക്കാൻ സാധിക്കുന്ന തരത്തിലുള്ള ചിത്രങ്ങൾ ഒപ്പമുണ്ടായിരിക്കണം. ചിത്രങ്ങളില്ലാതെ മനസ്സിലാക്കി കൊടുക്കുക പ്രയാസമാണ്. മറ്റുള്ളവരുടെ ജീവിതവും എങ്ങനെ ശ്രേഷ്ഠമാക്കി മാറ്റാം എന്ന ചിന്ത രാത്രിയും പകലും ഉണ്ടായിരിക്കണം. എങ്ങനെ എന്നിലുള്ള കുറവുകളെ മാറ്റി എനിക്ക് ഉന്നതി നേടാമെന്നും ചിന്തിക്കണം. നിങ്ങൾക്ക് സന്തോഷവും ഉണ്ടാകുന്നുണ്ട്. ബാബ ഇവർ 8–9 മാസമായ കുട്ടികളാണ്. ഇങ്ങനെ ധാരാളം പേർ വരുന്നുണ്ട്. പെട്ടെന്ന് അവർ സേവനത്തിന് യോഗ്യരായി മാറുന്നു. സ്വന്തം ഗ്രാമത്തിന്റെയും തന്നെപ്പോലെയുള്ള സഹോദരന്മാരുടേയും സേവനം ചെയ്യണമെന്ന ചിന്ത ഓരോരുത്തരിലുമുണ്ട്. അവരവരുടെ കുടുംബത്തിൽ നിന്നാണ് സേവനം ആരംഭിക്കേണ്ടത്. സേവനത്തിനോട് വളരെയധികം താത്പര്യം വേണം. ഒരു സ്ഥലത്ത് തന്നെ ഇരിക്കരുത് ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കണം. സമയം വളരെ കുറച്ചല്ലേയുള്ളൂ. അവരുടെ എത്ര വലിയ വലിയ മഠങ്ങളൊക്കെയാണ് ഉണ്ടാക്കുന്നത്. ഏതെങ്കിലും ആത്മാവ് വന്ന് പ്രവേശിച്ച് കുറച്ച് ശിക്ഷണം

കൊടുക്കുന്നു, അതിലൂടെ അവർ എത്രമാത്രമാണ് പ്രശസ്തരാകുന്നത്. ഇവിടെ പരിധിയില്ലാത്ത ബാബ കൽപത്തിന് മുൻപെന്ന പോലെ ശിക്ഷണം നൽകുന്നു. ഈ ആത്മീയ കൽപ വൃക്ഷം വളരുകയാണ്. നിരാകാരീ വൃക്ഷത്തിൽ നിന്നും സംഖ്യാക്രമത്തിൽ ആത്മാക്കൾ വരുന്നു. ശിവബാബയുടെ വളരെ വലിയ മാല അഥവാ വൃക്ഷം ഉണ്ടാക്കിയിരിക്കുകയാണ്. ഈ കാര്യങ്ങളെല്ലാം ഓർക്കുന്നതിലൂടെയും ബാബയെ ഓർമ്മ വരും. വളരെ പെട്ടെന്ന് ഉന്നതിയുമുണ്ടാകും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ചുരുങ്ങിയത് 8 മണിക്കൂർ ബാബയുമായി ആത്മീയ സംഭാഷണം നടത്തി വളരെ ശീതളതയോടെയും വിനയത്തോടെയും ആത്മീയ സേവനം ചെയ്യണം. സേവനത്തിൽ വിജയം നേടാൻ തന്റെയുള്ളിൽ യാതൊരു പ്രകാരത്തിലുമുള്ള മായയുടെ ഭൂതം ഉണ്ടാകരുത്.

2) സ്വയം തന്നോടുതന്നെ സംസാരിക്കണം - നമ്മൾ ഈ കാണുന്നതെല്ലാം നശിക്കാൻ പോവുകയാണ്, നമ്മൾ നമ്മുടെ വീട്ടിലേക്ക് പോകും, അതിനുശേഷം സുഖധാമത്തിൽ വരും.

### വരദാനം:- മുറിയാത്ത നിശ്ചയത്തിലൂടെ സഹജ വിജയത്തിന്റെ അനുഭവം ചെയ്യുന്ന സദാ സന്തുഷ്ടരും നിശ്ചിന്തരുമായി ഭവിക്കട്ടെ.

നിശ്ചയത്തിന്റെ അടയാളമാണ് സഹജ വിജയം. പക്ഷെ നിശ്ചയം എല്ലാ കാര്യങ്ങളിലും വേണം. കേവലം ബാബയിൽ മാത്രം നിശ്ചയമല്ല, സ്വയം സ്വയത്തിലും ബ്രാഹ്മണ പരിവാരത്തിലും ഡ്രാമയുടെ ഓരോ ദൃശ്യത്തിലും സമ്പൂർണ്ണ നിശ്ചയം വേണം, സ്വല്പമെങ്കിലും കാര്യത്തിൽ നിശ്ചയം മുറിയുന്നവരാകരുത്. സദാ സ്മൃതിയുണ്ടായിരിക്കണം അതായത് വിജയത്തിന്റെ ഭാവി മുറിഞ്ഞുപോകില്ല, അങ്ങിനെയുള്ള നിശ്ചയബുദ്ധി കുട്ടികൾ, എന്ത് പറ്റി, എന്തുകൊണ്ട് സംഭവിച്ചു..... ഇങ്ങനെയുള്ള സർവ്വ പ്രശ്നങ്ങളിൽ നിന്നുപോലും ഉപരിയായി സദാ നിശ്ചിന്തരും സദാ സന്തുഷ്ടരുമായിരിക്കും.

### സ്ലോഗൻ:- സമയത്തെ നഷ്ടപ്പെടുത്തുന്നതിന് പകരം പെട്ടെന്ന് നിർണ്ണയം ചെയ്ത് തീരുമാനമെടുക്കൂ.